ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ക്ഷീരകർഷകരുടെയും താൽപ്പര്യങ്ങളിൽ കേന്ദ്രസർക്കാർ ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **PM Narendra Modi Asserts: No Compromise on Interests of Farmers, Fishermen, and Dairy Farmers.**

2. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി. റഷ്യൻ പ്രസിഡന്റ് ഉടൻ ഇന്ത്യയിലേക്ക്.

   **NSA Ajit Doval Meets Russian President Vladimir Putin; Russian President to visit India Soon.**

3. വോട്ടർ പട്ടികയിലെ കൃത്രിമം ഉൾപ്പടെയുള്ള ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾ തള്ളി തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **EC Rejects LoP Rahul Gandhi's Allegations, Including Claims of Voter List Manipulation.**

4. 79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം ഇന്ന് "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" കാമ്പയിന് തുടക്കമാകും.

   **Nationwide "Har Ghar Tiranga, Har Ghar Swachhata" Campaign Kicks Off Ahead of 79th Independence Day.**

5. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണ് മൽസ്യത്തൊഴിലാളികളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Fisherfolk are a Community Deserving Special Consideration, says CM Pinarayi Vijayan.**

6. ഏഷ്യൻ റഗ്ബി അണ്ടർ-20 ചാമ്പ്യൻഷിപ്പിന് ബിഹാറിലെ രാജ് ഗിറിൽ നാളെ തുടക്കമാകും.

**Asian U-20 Rugby Championship to Kick Off Tomorrow in Rajgir, Bihar.**

***********************************

## PM-BRAZIL

പ്രധാനമന്ത്രി നരേന്ദ്ര മോദി, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുനേതാക്കളും അഭിപ്രായങ്ങൾ കൈമാറി. വ്യാപാരം, സാങ്കേതികവിദ്യ, ഊർജ്ജം, പ്രതിരോധം, കൃഷി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ അറിയിച്ചു.

***********************************

## PM FARMERS (INTRO)

രാജ്യത്തെ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ക്ഷീരകർഷകരുടെയും താൽപ്പര്യങ്ങളിൽ കേന്ദ്രസർക്കാർ ഒരിക്കലും വിട്ടുവീഴ്ച ചെയ്യില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ എം.എസ്. സ്വാമിനാഥൻ ശതാബ്ദി അന്താരാഷ്ട്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥ മാറ്റങ്ങളെ പ്രതിരോധിക്കുന്ന നിരവധി വിളകൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

( വോയിസ്...)

*************************************

## INDIA-PHILIPPINES PREZ

ഏഷ്യൻ മേഖലയിൽ അഭിവൃദ്ധിയും വളർച്ചയും ഉറപ്പാക്കുന്നതിന് ഇന്ത്യയുമായി കൂടുതൽ പങ്കാളിത്തം ആഗ്രഹിക്കുന്നതായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസ്. ബെംഗളൂരുവിൽ ഇന്നലെ നടന്ന ഫിലിപ്പീൻസ്-ഇന്ത്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഫിലിപ്പീൻസിൽ നിക്ഷേപം നടത്തുന്നതിനായി പരിപാടിയിൽ പങ്കെടുത്ത വിവിധ ഇന്ത്യൻ കമ്പനികൾ 18 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

*************************************

## NSA-PUTIN (INTRO)

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ക്രെംലിനിൽ റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി. നേരത്തെ, റഷ്യൻ സുരക്ഷാ കൗൺസിൽ സെക്രട്ടറി സെർഗെയ് ഷോയിഗുവുമായും ശ്രീ ഡോവൽ ചർച്ച നടത്തിയിരുന്നു. ഇന്ത്യയ്ക്ക് റഷ്യയുമായി സുദീർഘവും സവിശേഷവുമായ ബന്ധമാണ് ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു. റഷ്യൻ പ്രസിഡന്റ് ഉടൻ ഇന്ത്യ സന്ദർശിക്കുമെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അറിയിച്ചു.

(വോയിസ്...)

*************************************

## EVE. PAR - ADJOURN

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നലെയും പ്രതിപക്ഷ പ്രതിഷേധം. ബഹളത്തിനിടെ മണിപ്പൂർ ചരക്കു സേവന നികുതി (ഭേദഗതി) നിയമം 2025 ലോക്സഭ പാസാക്കി. കോസ്റ്റൽ ഷിപ്പിങ് ബിൽ 2025 ഉം പാർലമെൻറ് ഇന്നലെ പാസാക്കി. ഇന്ത്യൻ തീരദേശ മേഖലയിൽ വ്യാപാരം നടത്തുന്ന കപ്പലുകളെ നിയന്ത്രിക്കുക, തീരദേശ വ്യാപാരം

പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര പങ്കാളിത്തം വർദ്ധിപ്പിക്കുക തുടങ്ങിയവ ബിൽ ലക്ഷ്യമിടുന്നു.

*************************************

## MEDICAL TOURISM

ഈ വർഷം ജനുവരി മുതൽ ഏപ്രിൽ വരെ ഇന്ത്യയിലേക്ക് ചികിത്സാ ആവശ്യങ്ങൾക്കായി 1.31 ലക്ഷത്തിലധികം വിദേശ വിനോദസഞ്ചാരികൾ എത്തിയതായി കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. സംസ്ഥാനങ്ങളിലെയും - കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഭരണകൂടങ്ങളാണ് മെഡിക്കൽ ടൂറിസത്തിന്റെ വികസനവും പ്രോത്സാഹനവും പ്രധാനമായും കൈകാര്യം ചെയ്യുന്നതെന്നും കേന്ദ്ര മന്ത്രി രാജ്യസഭയിൽ അറിയിച്ചു. മെഡിക്കൽ ടൂറിസം ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം 'ഹീൽ ഇൻ ഇന്ത്യ' കാമ്പെയ്‌നും സജീവമായി പ്രോത്സാഹിപ്പിക്കുന്നു.

*************************************

## EC-RAHUL GANDHI

വോട്ടർ പട്ടികയിലെ കൃത്രിമം ഉൾപ്പടെയുള്ള ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾ തള്ളി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. താൻ പറയുന്നത് സത്യമാണെന്ന് രാഹുൽ ഗാന്ധി വിശ്വസിക്കുന്നുണ്ടെങ്കിൽ തിരഞ്ഞെടുപ്പ് നിയമപ്രകാരം സത്യവാങ്മൂലം ഒപ്പിട്ടു നൽകണമെന്നും കമ്മീഷൻ പറഞ്ഞു. രാജ്യത്തെ പൗരന്മാരെ തെറ്റിദ്ധരിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

*************************************

## BJP - RAHUL

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ വിമർശനവുമായി ബിജെപി. തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ച സംസ്ഥാനങ്ങളിലെ കമ്മീഷൻറെ പ്രവർത്തനങ്ങളെ കുറിച്ച്

രാഹുൽ ഗാന്ധി ചോദ്യം ഉന്നയിക്കുന്നില്ലെന്ന് ബിജെപി വക്താവ് സാംബിത് പത്ര പറഞ്ഞു. വോട്ടർ പട്ടികയിൽ കൃത്രിമം നടന്നിട്ടുണ്ടെന്നും സമീപകാല തിരഞ്ഞെടുപ്പുകളുടെ സുതാര്യത പരിശോധിക്കണമെന്നും രാഹുൽ ഗാന്ധി ന്യൂഡൽഹിയിൽ പത്രസമ്മേളനത്തിൽ ആരോപിച്ചിരുന്നു.

***********************************

## REV. UTTARKASHI RESCUE

ഉത്തരാഖണ്ഡിലെ ധരാലി-ഹർസിൽ മേഖലയിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. ഇതുവരെ മുന്നൂറോളം പേരെ സുരക്ഷിതമായി രക്ഷപ്പെടുത്തി. ഉത്തരകാശിക്കും ഹർസിൽ - ധരാലിക്കും ഇടയിലുള്ള ഗംഗോത്രി ദേശീയ പാത പുനഃസ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്. പ്രദേശത്തേക്കുള്ള വൈദ്യുതി വിതരണം താൽക്കാലികമായി പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.

***********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും..........

(ബ്രേക്ക്)

***********************************

## GUJ–HAR GHAR TIRANGA

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം ഇന്ന് "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" കാമ്പയിൻ ആരംഭിക്കും. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കും.

***********************************

## BIHAR – AMIT SHAH

ബീഹാറിലെ സീതാമർഹി ജില്ലയിൽ സീതാദേവി ക്ഷേത്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും ചേർന്ന് ഇന്ന് ഉദ്ഘാടനം ചെയ്യും. നിർമ്മാണത്തിന് ഏകദേശം 883 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സീതാമർഹി-ന്യൂഡൽഹി അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനും കേന്ദ്ര ആഭ്യന്തരമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ ഫ്ലാഗ് ഓഫ് ചെയ്യും.

*************************************

## GADKARI – ICEMA.. (INTRO)

രാജ്യത്തെ ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഇന്ത്യൻ നിർമ്മാണ ഉപകരണ നിർമ്മാതാക്കളുടെ അസോസിയേഷന്റെ 75-ാമത് വാർഷിക സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജപ്പാനെ മറികടന്ന് ഇന്ത്യ ഇപ്പോൾ ലോകത്തിലെ നിർമ്മാണ ഉപകരണ വ്യവസായത്തിൽ മൂന്നാം സ്ഥാനം നേടിയതായി ശ്രീ.ഗഡ്കരി പറഞ്ഞു.

(ഹോൾഡ്)

*************************************

## CM – FISHERMEN

കേരളത്തിൽ ഏറ്റവും പ്രയാസമനുഭവിക്കുന്ന തൊഴിലാളി വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ എന്നും അവർ പ്രത്യേക പരിഗണന അർഹിക്കുന്നുവെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. പുനർഗേഹം തീരദേശ പുനരധിവാസ പദ്ധതിയുടെ ഭാഗമായി മുട്ടത്തറയിൽ 332 ഫ്ലാറ്റുകളുടെ താക്കോൽ കൈമാറുകയായിരുന്നു അദ്ദേഹം. മലപ്പുറം താനൂരിൽ നിർമിച്ച 16 ഫ്ലാറ്റുകളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി ഓൺലൈനായി നിർവഹിച്ചു.

*******************************************

## AYYAPPA SANGAMAM

സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി സെപ്റ്റംബറിൽ ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി വി എൻ വാസവൻ. ലോകമെമ്പാടുമുള്ള 3000 പ്രതിനിധികളെ സംഗമത്തിൽ പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു. തത്വമസി എന്ന വിശ്വമാനവതയുടെ സന്ദേശം ലോകമൊട്ടാകെ പ്രചരിപ്പിക്കുകയാണ് ലക്ഷ്യം.

*******************************************

## BIHAR-ASIA RUGBY

ഏഷ്യൻ റഗ്ബി അണ്ടർ-20 ചാമ്പ്യൻഷിപ്പിന് ബിഹാറിലെ രാജ്ഗിറിൽ നാളെ തുടക്കമാകും. ഏഷ്യയിലെ മുൻനിര റഗ്ബി രാജ്യങ്ങളിൽ നിന്നുള്ള എട്ട് പുരുഷ, വനിതാ ടീമുകൾ വീതം ടൂർണമെന്റിൽ പങ്കെടുക്കും. ചൈന, UAE, ഉസ്ബെക്കിസ്ഥാൻ, ശ്രീലങ്ക തുടങ്ങിയ ഇടങ്ങളിൽ നിന്നുള്ള ടീമുകൾ മത്സരിക്കും. സുമിത് കുമാർ റായ് ഇന്ത്യൻ പുരുഷ ടീമിനെയും ഭൂമിക ശുക്ല വനിതാ ടീമിനെയും നയിക്കും.

*******************************************

## CHENNAI GRANDMASTERS

ചെന്നൈയിൽ നടക്കുന്ന ക്വാണ്ട്ബോക്സ് ചെന്നൈ ഗ്രാൻഡ്മാസ്റ്റർസ് ചെസ്സ് ടൂർണമെന്റിൽ ലോക അഞ്ചാം നമ്പർ താരം ഇന്ത്യയുടെ അർജുൻ എറിഗൈസി, ജർമ്മൻ ഗ്രാൻഡ്മാസ്റ്റർ വിൻസെന്റ് കീമർ എന്നിവർക്ക് വിജയ തുടക്കം. ഈ മാസം 15 വരെ നടക്കുന്ന ടൂർണമെന്റിൽ നിരവധി പ്രമുഖ താരങ്ങൾ പങ്കെടുക്കുന്നുണ്ട്.

*******************************************

## DEFENCE – NCERT

ഫീൽഡ് മാർഷൽ സാം മനേക്ഷാ, ബ്രിഗേഡിയർ മുഹമ്മദ് ഉസ്മാൻ, മേജർ സോമനാഥ് ശർമ്മ എന്നിവരുടെ ജീവിതത്തെയും ത്യാഗങ്ങളെയും കുറിച്ചുള്ള അധ്യായങ്ങൾ അടുത്ത അധ്യയന വർഷത്തേക്കുള്ള സിലബസിൽ ഉൾപ്പെടുത്തി NCERT. ഏഴ്, എട്ട് ക്ലാസ്സുകളിലെ ഉറുദു പുസ്തകം, എട്ടാം ക്ലാസ് ഇംഗ്ലീഷ് എന്നീ പുസ്തകങ്ങളിലാണ് പുതിയ ഉള്ളടക്കം ചേർക്കുന്നത്. വിദ്യാർത്ഥികൾക്ക് ധൈര്യത്തിന്റെയും കടമയുടെയും പ്രചോദനാത്മകമായ പാഠങ്ങൾ പകർന്നു നൽകുകയാണ് ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*****************************************************************************************************************

**************************************************